## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2325

05.02.2018 - ൽ മറുപടിക്ക്.

### വ്യവസായ വളർച്ച നിരക്ക്

**ചോദ്യം**

ശ്രീ. വി. ഡി. സതീശൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ. കെ. എസ്. ശബരീനാഥൻ
ശ്രീ. അനിൽ അക്കര

**മറുപടി**

ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തെ വ്യവസായ വളർച്ചാനിരക്ക് നിലവിൽ എത്ര ശതമാനമാണ്; | (എ) : 2015 സെപ്റ്റംബർ വരെയുള്ള കേരളത്തിലെ എം.എസ്.എം.ഇ. മേഖലയുടെ വളർച്ച നിരക്ക് 10.95% ആകുന്നു. കേരളത്തിലെ വിവിധ വ്യവസായ മേഖലകളെ ഉൾപ്പെടുത്തിയുള്ള വളർച്ചാനിരക്ക് സംബന്ധിച്ച വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) ഈ വളർച്ചാനിരക്ക് വ്യവസായ രംഗത്തിന്റെ ആരോഗ്യകരമായ വളർച്ചയെയാണോ സൂചിപ്പിക്കുന്നത്; | (ബി) : (ബി), (സി) & (ഡി) : എം.എസ്.എം.ഇ. മേഖലയുടെ വളർച്ചാനിരക്ക് ആരോഗ്യകരമായ സൂചനയാണ് നല്കുന്നത്. എന്നിരിക്കിലും വളർച്ചാ നിരക്ക് വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിനായി വ്യവസായ വികസനത്തിന് നിലവിലുണ്ടായിരുന്ന ഏഴ് നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് "The Kerala Investment Promotion and Facilitation Ordinance 2017" ഒക്ടോബർ 27-ന് നിലവിൽ വന്നു. ഇതുവഴി സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷമാണ് നിലവിൽ സംജാതമായിട്ടുള്ളത്. കൂടാതെ സംരംഭകത്വ വികസന പരിശീലന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, സംരംഭകർക്കുള്ള സാമ്പത്തിക സഹായം നല്കുന്നതിനുള്ള സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി, ആഷാ പദ്ധതി, ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ എന്നീ പദ്ധതികളും വ്യവസായ പശ്ചാത്തല സൗകര്യ വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന മൾട്ടി സ്റ്റോറീഡ് ശാലകളുടെ നിർമ്മാണം, നിലവിലുള്ള ഡി.എ/ഡി.പി.കളിൽ ജലലഭ്യത വൈദ്യുതികരണം ആഭ്യന്തര റോഡുകളുടെ |

| | |
|---|---|
| | വികസനം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും, കൂടാതെ നിക്ഷേപകരുടെ മേളകൾ എം.എസ്.എം.ഇ. ഉത്പന്ന വിപണന മേളകൾ, മെഷീനറി എക്സിബിഷൻ എന്നീ പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്ത് വ്യവസായ വളർച്ച നിരക്ക് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയും. |
| (സി) അല്ലെങ്കിൽ വളർച്ചാനിരക്ക് എത്ര ശതമാനമായി വർദ്ധിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ; അതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ് ; | |
| (ഡി) സംസ്ഥാനത്തെ നിലവിലുള്ള സാഹചര്യങ്ങൾ ലക്ഷ്യമിട്ടിട്ടുള്ള വളർച്ചാനിരക്ക് കൈവരിക്കുന്നതിന് സഹായകമാണോ ; വിശദീകരിക്കാമോ ? | |

സെക്ഷൻ ഓഫീസർ.